# WEEKLY THOUGHTS OF APRIL 2015

**Week -1**




## Glorious things done by the Lord - Isiah (12:5)

**(ശ്രേഷ്ഠമായത് ചെയ്യുന്ന ദൈവം)-യെശ(12:5)**

പണ്ഡിത ശ്രേഷ്ഠനായ വിൽഡുറെന്ററിന്റെ ഒരു ഗ്രന്ഥത്തിൽ ഭരണാധികാരികൾ, തത്വചിന്തകന്മാർ,സൈനീകാധികാരികൾ, കലാകാരൻമാർ, ശാസ്ത്രജ്ഞൻമാർ അങ്ങനെ ഒട്ടേറെയാളുകൾ വിവിധതാളുകളിൽ സ്ഥാനംപിടിച്ചിട്ടുണ്ട്. എന്നാൽ ആരോടെങ്കിലും ഇതിൽ നിങ്ങളെ ഏറ്റവും സ്വാധീനിച്ചിരിക്കുന്ന വ്യക്തി ആരാണെന്ന് ചോദിച്ചാൽ കിട്ടുന്ന ഉത്തരം നസറായനായ യേശു എന്നത്രേ .കാരണം മറ്റ് മഹാൻമാർ കടലാസിൽ മാത്രം സ്ഥാനം പിടിച്ചപ്പോൾ, നമുക്കുവേണ്ടി ശ്രേഷ്ഠമായ പ്രവർത്തികൾ ചെയ്ത് വെളിച്ചമാകുന്നവൻ ഇന്നും നമ്മുടെ ഹൃദയത്തിൽ സ്ഥാനംപിടിച്ച് നമ്മോടൊപ്പം വസിക്കുന്നു. ഉലക മഹാൻമാർ സകലരും കല്ലറകളിൽ വിശ്രമിക്കുമ്പോൾ, ഉന്നതനാം ദൈവം ഉയിർത്തെഴുന്നേറ്റവനായി നമ്മുടെ നടുവിൽ ജീവിക്കുന്നു.

യിസ്രായേലിന്റെ പരിശുദ്ധൻ മഹാത്ഭുതങ്ങളെ പ്രവർത്തിക്കുന്ന ദൈവമാണ്. യഹോവ നിന്റെ മദ്ധ്യേ ഇരിക്കുന്നു. ഇനി നീ അനർത്ഥം കാണുകയില്ല എന്ന് സെഫ:(3:15)ൽ കാണുന്നു. നമ്മുടെ പ്രശ്നങ്ങളിൽ , ആവശ്യങ്ങളിൽ നമ്മെ സഹായിപ്പാൻ ദൈവം ഒരുവനെ അയയ്ക്കുന്നു. വെളിമ്പ്രദേശത്ത് ചുറ്റി നടന്ന യോസഫിന് സഹോദരന്മാരെപ്പറ്റിയുള്ള വിവരം നൽകി അയച്ചത് ദൈവം അയച്ച ഒരുവനത്രെ. (ഉല്പ:34:17)
ആർക്കുവേണ്ടിയാണ് അവൻ ശ്രേഷ്ഠമായത് ചെയ്യുന്നത്

**1) സ്തോത്രം ചെയ്യുന്നവനുവേണ്ടി - (യെശ: 12:1)**

എന്തുകൊണ്ടാണ് സ്തുതിക്കുന്നത് എന്ന് ചിന്തിച്ചാൽ പാപം ചെയ്ത നമ്മോടുള്ള കോപം മാറ്റി നമ്മെ ആശ്വസിപ്പിച്ച ദൈവത്തെ യത്രെ സ്തുതിക്കുന്നത് എന്ന് നമുക്ക് മനസ്സിലാകും. ക്രിസ്ത്യാനികളെ

ഉപദ്രവിപ്പാൻ അധികാരപത്രവുമായി പോയ ശൗലിന്റെ തെറ്റിനെ ക്ഷമിച്ച കർത്താവ് അവനെ വിളിച്ച് താൻ ആരെന്ന് - (നീ ഉപദ്രവിക്കുന്ന ക്രിസ്തു) വെളിപ്പെടുത്തുന്നു. ഈ ദൈവത്തിനുവേണ്ടി അടിയേറ്റതിൽ സന്തുഷ്ടനായി സ്തുതിച്ചവനു വേണ്ടി ശ്രേഷ്ഠമായത് അവൻ ചെയ്തു. അ.പ്ര:(16:24-26)

**2) സഭ ശ്രദ്ധയോടെ ഒരുവനുവേണ്ടി പ്രാർത്ഥിക്കുമ്പോൾ ദൈവം പ്രവർത്തിക്കുന്നു. അ.പ്ര(12:1-10)**

സഭ പത്രോസിനുവേണ്ടി ശ്രദ്ധയോടെ പ്രാർത്ഥിച്ചപ്പോൾ കാരാഗ്രഹത്തിൽ കാവല്ക്കാരുടെ മദ്ധ്യേ ഉറങ്ങിയവനെ തട്ടിയുണർത്തുവാൻ ദൈവം ഒരുവനെ അയച്ചു. ദൂതൻ അകത്തുവന്ന് തട്ടിയപ്പോൾ അവന്റെ ബന്ധനം അഴിഞ്ഞു വീണു. പത്രോസിന്റെ മുൻപേ പോയവന്റെ മുമ്പിൽ വാതിലുകൾ തുറന്നു. അവൻ സ്വതന്ത്രനായി, അവനുവേണ്ടി പ്രാർത്ഥിച്ചവരുടെ അടുക്കൽ എത്തി.

(ഇതു വായിക്കുന്ന പ്രീയ സഹോദരങ്ങളെ , കുടുംബത്തെ വരിഞ്ഞു കെട്ടിയ പ്രതികൂലങ്ങൾ, കുടുംബാംഗങ്ങളുടെ ഉയർച്ചയെ , ആരോഗ്യത്തെ , തടയുന്ന ഘടകങ്ങളെ നോക്കി ഭാരപ്പെടാതെ വിശ്വസ്തതയോടെ അഥവാ ശ്രദ്ധയോടെ പ്രാർത്ഥിക്കുക. ഞങ്ങളും നിങ്ങൾക്കായി പ്രാർത്ഥിക്കുന്നതാണ്. ശ്രേഷ്ഠമായത് കർത്താവ് ചെയ്യും എന്ന് വിശ്വാസത്തോടെ ഏറ്റു പറയുക.)

**3) മടുത്തുപോകാതെ, ചോദിക്കുന്നവരുടെ നിലവിളിയും വിശ്വാസവും കണ്ട് പ്രവർത്തിക്കുന്ന ദൈവം.**

Read (മത്താ:15:22-28)

ഈ ഭാഗത്ത് അപേക്ഷയുമായി കർത്താവിന്റെ അടുക്കലെത്തിയ ഒരു കനാന്യസ്ത്രീയെ കാണാം. പരുഷമായ വാക്കുകളൊന്നും അവളെ തളർത്തിയില്ല. പിൻവാങ്ങാൻ കാരണവുമായില്ല.'' നിന്റെ വിശ്വാസം വലിയത് നിന്റെ ഇഷ്ടം പോലെ ഭവിക്കട്ടെ'' എന്ന ഒരു blank cheque ദൈവം അവൾക്ക് സമ്മാനമായി നൽകി. തിരിച്ച് അവൻ നമ്മിൽ നിന്നും ആഗ്രഹിക്കുന്നത് നാം അവന്റെ സാക്ഷികളാകണം എന്നു മാത്രം. അതിനായി സമർപ്പിക്കുക

ദൈവം അനുഗ്രഹിക്കട്ടെ

**പ്രാർത്ഥന**

നീതിമാനായ ദൈവമേ ! ശ്രദ്ധയോടും , വിശ്വാസത്തോടും സ്തോത്രത്തോടും അങ്ങയുടെ അടുക്കൽ വരുവാൻ കൃപ തരേണമേ.ശ്രേഷ്ഠമായത് ഞങ്ങൾക്കു തരുന്നതിനായി സ്തോത്രം.യേശുവിൻ നാമത്തിൽ തന്നെ ആമേൻ.

Santhamma Varghese